**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: **4237**

**17.05.2017 - ൽ മറുപടിയ്ക്ക്**

## കുണ്ടറയിൽ വിദ്യാർത്ഥിനി ദുരൂഹസാഹചര്യത്തിൽ തൂങ്ങി മരിച്ച സംഭവം

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കുണ്ടറയിൽ 6-ാം ക്ലാസ് വിദ്യാർത്ഥിനി ദുരൂഹ സാഹചര്യത്തിൽ തൂങ്ങി മരിച്ച സംഭവത്തിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട് പോലീസിന് എന്നാണ് ലഭിച്ചത്; | (എ) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പോസ്റ്റ്മോർട്ടം റിപ്പോർട്ട് 7.02.2017-ൽ പോലീസിന് ലഭിച്ചിട്ടുണ്ട്. |
| (ബി) പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ കുട്ടി പീഡിപ്പിക്കപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കിയിരുന്നോ; | (ബി) ഉണ്ട്. |
| (സി) ഇത് സംബന്ധിച്ച റിപ്പോർട്ട് ഉന്നത ഉദ്യോഗസ്ഥർക്ക് അയച്ചിരുന്നോ; എങ്കിൽ എന്നാണ് റിപ്പോർട്ട് അയച്ചത്; | (സി) ഇത് സംബന്ധിച്ച് കുണ്ടറ സബ് ഇൻസ്പെക്ടർ കുണ്ടറ സർക്കിൾ ഇൻസ്പെക്ടറെ വിവരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കുണ്ടറ സി.ഐ. 18.02.2017 മുതൽ ടി കേസിന്റെ അന്വേഷണം ഏറ്റെടുത്തിരുന്നു. മറ്റ് മേലുദ്യോഗസ്ഥരെ ഈ വിവരം അറിയിച്ചിരുന്നില്ല. |
| (ഡി) ഈ കേസിൽ അന്വേഷണം വൈകിയതിന്റെ കാരണം എന്തെന്നും പ്രതികളെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിൽ ആരുടെ ഭാഗത്താണ് വീഴ്ചയുണ്ടായതെന്നും വെളിപ്പെടുത്തുമോ; | (ഡി) ഈ കേസ്സിൽ പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറെ കണ്ട് ചോദിക്കുന്നതിലും, പ്രതികളെ അറസ്റ്റ് ചെയ്യുന്നതിലും, മേലുദ്യോഗസ്ഥരെ യഥാസമയം വിവരം അറിയിക്കുന്നതിലും കുണ്ടറ എസ്.ഐ. റജീഷ് കുമാർ, കുണ്ടറ സി.ഐ. ഷാബു എന്നിവരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഇ) പ്രമാദമായ ഈ കേസിൽ നടപടി വൈകിപ്പിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ കൈക്കൊള്ളുമോ? | (ഇ) കുണ്ടറ എസ്.ഐ. റജീഷ് കുമാർ, കുണ്ടറ സി.ഐ. ഷാബു എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇവരുടെ മേൽ വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ